കെട്ടിടങ്ങൾക്ക് നമ്പർ നൽകുവാൻ നടത്തുന്ന അദാലത്തുകൾ

120 (1590) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ മുൻ അനുവാദമില്ലാതെയും അനുമതി വാങ്ങി വ്യവസ്ഥകൾ പാലിക്കാതെയും നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകുവാൻ നടത്തുന്ന അദാലത്തുകളിൽ പരാതികൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കൊല്ലം ജില്ലയിൽ അദാലത്ത് മുഖേന എത്ര പരാതികളിൽ പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) അദാലത്തുകളിൽ പരിഹാരം കാണാത്ത കേസുകളിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2010 ഡിസംബർ 31-വരെ, നിയമാനുസൃതം നിർമ്മാണം പൂർത്തിയാക്കിയിട്ടും നമ്പർ നൽകിയിട്ടില്ലാത്ത കെട്ടിടങ്ങളെയാണ് അദാലത്തിന് പരിഗണിക്കുന്നത്.

(ബി) കൊല്ലം ജില്ലയിൽ ഇതിനകം നടത്തിയ 5 അദാലത്തുകളിൽ പരിഗണിച്ച 547 പരാതികളിൽ 103 എണ്ണത്തിൽ നമ്പർ നൽകുവാൻ ഉത്തരവാകുകയും, 247 എണ്ണം തുടർനടപടികൾക്കും പരിശോധനകൾക്കും ശിപാർശചെയ്യുകയും ഉണ്ടായി. 197 പരാതികൾ നിരസിച്ചിട്ടുണ്ട്. പരിഹരിച്ച പരാതികളിൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ 87 എണ്ണം ഉൾപ്പെടുന്നു.

(സി) നിയമപ്രകാരമല്ലാതെ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ നിയമവിധേയമാക്കുന്നപക്ഷം അവ ക്രമവൽക്കരിച്ച് നമ്പർ നൽകാവുന്നതാണ്. 21-8-2010-ലെ G.O.(Ms.)No.185/2010/LSGD പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള 2010-ലെ Kerala Building (Regularisation of Unauthorised Construction) Rules -ൽ അനധികൃത കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിച്ച് നൽകുവാൻ വ്യവസ്ഥചെയ്തിട്ടുമുണ്ട്. ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത്രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവയിൽ വിഭാവനം ചെയ്തിട്ടുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ബിൽഡിംഗ് പെർമിറ്റ് ലഭിക്കാൻ നടപടി

121 (1591) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് നമ്പർ 52/09 ലഭിക്കാൻ അപേക്ഷ നൽകിയതെന്നാണ് ; അപേക്ഷയിന്മേൽ പെർമിറ്റ് നൽകിയതെന്നാണ് ; അപേക്ഷയിന്മേൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly